**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 596** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ സംഘം വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവരെ സഹായിക്കാനായി **"ആശ്വാസ് 2026"** എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽപദ്ധതി 2026 ജൂൺ 1 മുതൽ ഓഗസ്റ്റ് 31 വരെ ഉള്ള കാലയളവിൽ നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതും കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായതുമായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി ഈ പദ്ധതി പ്രകാരം അടച്ചുതീർക്കാം. 50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം പലിശ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് ടി പദ്ധതി പ്രകാരം വായ്പാക്കാർക്ക് അവസരം നൽകുന്നു. മരണപ്പെട്ടവർ, മാരകരോഗങ്ങൾ ബാധിച്ചവർ എന്നിവരുടെയും അതിദരിദ്ര വിഭാഗത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടവരുടെയും വായ്പകൾക്ക് കൂടുതൽ ഇളവുകൾ ടി പദ്ധതിയിലൂടെ നൽകുന്നു. സ്വർണ്ണപ്പണയ വായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ എന്നിവ ഒഴികെ മറ്റെല്ലാ വായ്പകൾക്കും ഈ പദ്ധതി ബാധകമാണ്. ഇതിനു പുറമേ, ഒറ്റത്തവണയായി കുടിശ്ശിക തുക അടച്ചു തീർക്കാൻ കഴിയാത്ത വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി കൊണ്ട് തവണ വ്യവസ്ഥയിൽ അടച്ചു തീർക്കുന്നതിനും അവസരം നൽകുന്നു.

**(ബി)** പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് പുതിയതലമുറയിൽപ്പെട്ട യുവാക്കളെ ആകർഷിക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പുത്തൻ ബാങ്കിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി യുവാക്കളെ കൂടുതൽ ആകർഷിക്കുന്നതിനായി സഹകരണ സംഘങ്ങളെ ആധുനിക വൽക്കരിക്കുന്നതിനും സാമ്പത്തിക ക്രയ വിക്രയത്തിൽ നിയന്ത്രണവും സാമ്പത്തിക അച്ചടക്കവും ഉണ്ടാക്കുന്നതിനുമുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ